(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ കേരള സന്ദർശനം

1 [1472] ശ്രീ. കെ. പി. രാജേന്ദ്രൻ :
,, എം. കുമാരൻ :
,, പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാനം സന്ദർശിച്ചി ട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴെല്ലാമാണ് സന്ദർശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രത്തിൽനിന്നുള്ള സഹായം വർഷംതോറും കുറയുകയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ച് കിട്ടുന്നതിന് എന്ത് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കമ്മീഷൻ ചെയർമാൻ, മെമ്പർ സെക്രട്ടറി, കമ്മീഷൻ അം എന്നിവർ 17-7-2003-ൽ അനൗപചാരിക സന്ദർശനവും 21-12-2003 മുതൽ 23-12-2 വരെ കമ്മീഷന്റെ ഔദ്യോഗിക സന്ദർശനവും നടത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പത്താം ധനകാര്യ കമ്മീഷൻ അവാർഡിനെയപേക്ഷ പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡിൽ 3664 കോടി രൂപയുടെ കുറ വന്നിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന ധനസഹായം കുറഞ്ഞു വരുന്നത് സംബന്ധിച്ച് പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായുള്ള ചർച്ചയിലും സംസ്ഥാനം സമർപ്പിച്ച നിവേദനത്തിലും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

എ. ഡി. സി. ആസൂത്രണ പ്രക്രിയയുടെ വികേന്ദ്രീകരണം

2 [1473] ശ്രീ. ടി. എൻ. പ്രതാപൻ :
,, എൻ. ശക്തൻ :
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ :
,, എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാന പ്ലാനിംഗ് ബോർഡിന്, ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ, ആസൂത്രണ പ്രക്രിയയുടെ ജനാധിപത്യപരമായ വികേന്ദ്രീകരണം സംബന്ധിച്ച് സഹകരണവും സഹായവും അഭ്യർത്ഥിച്ചുകൊണ്ടുള്ള നിർദ്ദേശം സമർപ്പിച്ചിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സഹായം വാങ്ങുവാൻ അനുമതി നൽകിയിരുന്നുവോ എന്നതിന്റെ വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എന്തു തുക സഹായധനം ലഭിച്ചുവെന്നും അത് എപ്രകാരം ചെലവാക്കി എന്നും അറിയിക്കുമോ;

(ഡി) സർക്കാരോ മറ്റെതെങ്കിലും സ്ഥാപനമോ, വ്യക്തികളോ ആണോ ആ തുക ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) സ്ഥാപനങ്ങളും വ്യക്തികളുമാണ് തുക ചെലവഴിച്ചതെങ്കിൽ ഏതു സ്ഥാപനങ്ങളും വ്യക്തികളും ആണെന്ന് പറയുമോ;

(എഫ്) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പുകാർ ആരായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കപ്പാസിറ്റി ഡെവലപ്പ്മെന്റ് ഫോർ ഡീസെൻട്രലൈസേഷൻ ഇൻ കേരള (ക്യാപ്ഡെക്ക്) പ്രോജക്ടിൽ ധനസഹായം നല്കുവാൻ സ്വിസ്സ് ഏജൻസി ഫോർ ഡവലപ്പ്മെന്റ് ആന്റ് കോ-ഓപ്പറേഷനോട് (എസ്. ഡി. സി.) സംസ്ഥാന ആസൂത്രണ ബോർഡ് അഭ്യർത്ഥിച്ചിരുന്നു.

(ബി) ക്യാപ്ഡെക് പ്രോജക്ടിന് സഹായം വാങ്ങുവാൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന് (കിലയ്ക്ക്) അനുവാദം നല്കിയിട്ടുണ്ട്.

(സി) 9.0053 കോടി രൂപ ധനസഹായമായി ലഭിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൈപ്പുസ്തകങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുക, ജനപ്രതിനിധികൾ, വർക്കിംഗ് ഗ്രൂപ്പുകളിലെയും, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളിലെയും, ടെക്നിക്കൽ കമ്മിറ്റികളിലെയും മെമ്പർമാർ എന്നിവർക്ക് പരിശീലനം നല്കുക, ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കുക, കില, ഐ. എം. ജി., എസ്. ഐ. ആർ. ഡി., സംസ്ഥാന ആസൂത്രണ ബോർഡ് എന്നീ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾക്കു വേണ്ടിയാണ് തുക ചെലവഴിച്ചത്.

(ഡി, ഇ ആന്റ് എഫ്) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനാണ് തുക ചെലവഴിച്ചത്. ആ സ്ഥാപനം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ്.

കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ള പ്രശ്നങ്ങൾ

3 [1474] ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഏതെല്ലാം പ്രശ്നങ്ങളാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly